8. പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗം ശാസ്ത്രീയമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചു;

9. പ്രാഥമിക തലത്തിലെ സ്കൂൾ പ്രവേശനം, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, പഠനനേട്ടം എന്നിവയിലെ സ്ത്രീ-പുരുഷ വ്യത്യാസവും സമൂഹത്തിലെ വിവിധ തരക്കാർ തമ്മിലുള്ള വ്യത്യാസവും ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ സാമ്പത്തികാനുകൂല്യങ്ങൾ അൺ-എയിഡഡ് സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സാദ്ധ്യമല്ല. എന്നാൽ കേരള സിലബസ് പിന്തുടരുന്ന അൺ-എയിഡഡ് സ്കൂളുകൾക്കും ഈ പദ്ധതിയുടെ അക്കാദമിക് കാര്യങ്ങൾ ബാധകമാണ്.

(സി) ഡി.പി.ഇ.പി.ക്കെതിരെ പ്രധാനമായും ഉയർന്നു വന്നിട്ടുള്ള ആക്ഷേപം ലോകബാങ്കിന്റെ സഹായം സ്വീകരിക്കുന്നതു സംബന്ധിച്ചാണ്. കൂടാതെ ഡി.പിഇ.പി.യിൽ പരീക്ഷയ്ക്കും പാഠപുസ്തകത്തിനും തീരെ പ്രാധാന്യം ഇല്ലെന്നും ഡി.പി.ഇ.പി. തുടർന്നാൽ സർക്കാർ സ്കൂളുകൾ പൂട്ടേണ്ടി വരും, പദ്ധതി നടപ്പിലാക്കിയതു മൂലം ഒന്നാം ക്ലാസ് പ്രവേശനം ഗണ്യമായി കുറഞ്ഞു. ഡി.പി.ഇ.പി. വിദ്യാർത്ഥികളെ ബുദ്ധിഹീനതയിലേയ്ക്ക് നയിക്കുകയും രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുകയും ചെയ്യുന്നു തുടങ്ങിയ ആരോപണങ്ങളും നിലവിലുണ്ട്.

(ഡി) ഇല്ല.

വ്യവസായ നയം

12 (*102) ശ്രീമതി രാധാരാഘവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വ്യവസായ നയം പ്രഖ്യാപിച്ചത് എന്നാണ് ;

(ബി) പ്രസ്തുത വ്യവസായ നയത്തിൽ അടുത്ത രണ്ടു വർഷത്തിനുള്ളിൽ 3250 കോടി രൂപ മുതൽ മുടക്കി 9% വളർച്ചാനിരക്ക് വിഭാവനം ചെയ്യുന്നുവെന്നും മുന്നര ലക്ഷംപേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പറഞ്ഞിരുന്നുവോ ;

(സി) തുടർന്നുള്ള ഓരോ വർഷത്തെ ബഡ്ജറ്റിലും ഇതിനുവേണ്ടിയുള്ള എന്തൊക്കെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയുണ്ടായി ;

(ഡി) 1998-99-ലെ വാർഷിക പദ്ധതിയിൽ വ്യവസായത്തിന് വക കൊള്ളിച്ചത് എന്തു തുകയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിൽനിന്നുള്ള എന്തു തുക ചെലവഴിച്ചു ;

(എഫ്) വ്യവസായ നയത്തിൽ പ്രഖ്യാപിച്ച പ്രകാരമുള്ള മുതൽ മുടക്കും വളർച്ചാ നിരക്കും ഉണ്ടാക്കുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാഗോപാലൻ) :

(എ) 1998 നവംബർ 10-ാം തീയതിയാണ് ഈ സർക്കാർ വ്യവസായ നയം പ്രഖ്യാപിച്ചത്.

(ബി) വർദ്ധിച്ച മുതൽ മുടക്കും, തൊഴിൽ സാദ്ധ്യതകളും 9% വളർച്ചാ നിരക്കുമാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും വിപണന സഹായം നൽകാനും പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാനും പരമ്പരാഗത വ്യവസായ മേഖലകളെ ശക്തിപ്പെടുത്താനും സംരംഭകത്വം വളർത്താനും ആധുനികവൽക്കരണം നടത്താനും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

(ഡി) 372.66 കോടി രൂപ

(ഇ) 307.78 കോടി രൂപ

(എഫ്) ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്.

(ജി) വർഷം	ചെറുകിട വ്യവസായങ്ങൾ	വളർച്ച നിരക്ക്	തൊഴിലവ സരങ്ങൾ	വളർച്ചാ നിരക്ക്	മുതൽ മുടക്ക്	വളർച്ചാ നിരക്ക്
1998-99	19736	0.97	71632	1.95	302.10	29.52
1999-2000	20006	1.37	72042	0.57	397.53	31.59
2000-2001 (31-1-01 വരെ)	17070		63520		368.37	
ആകെ	56812		207194		1068.00	

ഡി.പി.ഇ.പി. സംബന്ധിച്ച് ലോക ബാങ്കുമായുള്ള കരാർ

13 (*103) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. ബാബു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly